# ഇസ്‌ലാമിലെ കരാർ പാലനവും ഇന്ത്യൻ മുസ്‌ലിംകളും

മൗലാനാ അബ്ദുല്ലാഹിൽ മഅ്റൂഫി
(ദാറുൽ ഉലൂം ദേവ്ബന്ദ്)

__വിവർത്തകൻ__
അബ്ദുല്ലാഹിൽ ബുഖാരി അൽ ഖാസിമി
(ദാറുൽ ഉലൂം ഓച്ചിറ)

പ്രസാധനം
സയ്യിദ് ഹസനി അക്കാദമി
ദാറുൽ ഉലൂം
ഓച്ചിറ,കൊല്ലം

# ആമുഖം

സർവ്വലോകസ്രഷ്ടാവായ അല്ലാഹു മാനവരാശിയുടെ ഇഹപര വിജയത്തിന് കനിഞ്ഞരുളിയ സമ്പൂർണ്ണമായ സന്ദേശമാണ് ഇസ്‌ലാം. അതിൽ ഒരുഭാഗത്ത് പടച്ചവനോടുള്ള കടമകൾ ശക്തമായി പഠിപ്പിക്കുകയും പ്രേരിപ്പിക്കുകയും ചെയ്യുമ്പോൾ മറുഭാഗത്ത് പടപ്പുകളോടുള്ള ബാധ്യതകൾ അതീവ ഗൗരവത്തിൽ ഉണർത്തുകയും ഉത്ബോധിപ്പിക്കുകയും ചെയ്യുന്നു.

ഇസ്‌ലാം സമ്പൂർണ്ണവും സന്തുലിതത്വവുമാണ്. കരുണയും നീതിയും അതിന്റെ പ്രധാനപ്പെട്ട അധ്യാപനങ്ങളാണ്. മുൻഗാമികളായ മഹത്തുക്കൾ ഇസ്‌ലാമിനെ പഠിക്കുകയും പകർത്തുകയും പ്രചരിപ്പിക്കുകയും ചെയ്തു. ഇസ്‌ലാമിക സന്ദേശങ്ങളും ജീവിക്കുന്ന മാതൃകകളുമായ അവരെ കണ്ടുകൊണ്ട് സുമനസ്സുകൾ ഇസ്‌ലാം സ്വീകരിച്ചു. അറേബ്യൻ ഉപഭൂഖണ്ഡത്തിന്റെ അതിർത്തികൾ വിട്ട് ഇറാനിന്റെ സമതലങ്ങളിലും ആഫ്രിക്കൻ വനാന്തരങ്ങളിലും ഇന്ത്യ ഗിരി ശൃംഖങ്ങളിലും സ്പെയിനിന്റെയും റഷ്യയുടെയും അകത്തളങ്ങളിലും ഇസ്‌ലാം വന്നെത്തിയത് അങ്ങനെതന്നെയാണ്. ഇന്നും മുസ്‌ലിംകളിൽ ധാരാളം തെറ്റുകുറ്റങ്ങൾ ഉണ്ടായിട്ടും നിഷ്കളങ്കമായി ഇസ്‌ലാമിനെ പഠിച്ച് പകർത്തി പ്രചരിപ്പിക്കുന്ന പ്രബോധകരിലൂടെ ഇസ്‌ലാം മുന്നേറിക്കൊണ്ടിരിക്കുകയാണ്. അല്ലാഹുവിന്റെ അനുഗഹത്താൽ ഈ മുന്നേറ്റം തുടരുന്നതുമാണ്.

സോവിയറ്റ് റഷ്യയുടെ പതനത്തിന് ശേഷം ലോക ശക്തിയായി സ്വയം പ്രഖ്യാപിക്കുകയും നീങ്ങുകയും ചെയ്യുന്ന അമേരിക്കയിലും പാശ്ചാത്യൻ നാടുകളിലും ഇസ്‌ലാം സജീവമായിക്കൊണ്ടിരിക്കുകയാണ്. ഇതുകണ്ട് വിറളിപിടിച്ച അസത്യത്തിന്റെ വക്താക്കൾ ഇസ്‌ലാം മുന്നേറ്റത്തെ തടഞ്ഞ് നിർത്തുന്നതിന് പൊട്ടിച്ച് വിട്ടിരിക്കുന്ന അപരാധത്തിന്റെ ശക്തിയേറിയ ഒരായുധമാണ് ഇസ്‌ലാമെന്നാൽ തീവ്ര

വാദവും ഭീകരതയുമാണെന്ന പ്രചണ്ഡമായ പ്രചാരണം. മുസ്‌ലിംകൾ എല്ലാവരും ഭീകരന്മാരും ഇസ്‌ലാമിക സ്ഥാപനങ്ങളെല്ലാം ഭീകരതയുടെ താവളങ്ങളും ഇസ്‌ലാമിന്റെ ആരാധനാനുഷ്ഠാനങ്ങളെല്ലാം ഭീകരത നിറഞ്ഞതുമാണെന്ന് കഴിയുന്ന വാർത്താ മാധ്യമങ്ങളിലൂടെയെല്ലാം അവർ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നു. തരം താഴ്ന്ന രാഷ്ട്രീയ ലക്ഷ്യങ്ങൾ വെച്ച് പുലർത്തുന്ന ആളുകളും അതേറ്റ് പാടിക്കൊണ്ടിരിക്കുന്നു. മറു ഭാഗത്ത് യഥാർത്ഥ ഭീകരതയും തീവ്രതയും അക്രമവും അനീതിയും കാണിക്കുന്ന പാശ്ചാത്യർക്കും അവരെപ്പോലുള്ളവർക്കുമെതിരിൽ പല യിടങ്ങളിലും പ്രതി പ്രവർത്തനങ്ങളും നടക്കാൻ തുടങ്ങിയിരിക്കുന്നു. അതിൽ മുസ്‌ലിംകളിലും അമുസ്‌ലിംകളിലും പെട്ടവരുണ്ട്. അതിൽ ചിലരുടെ മതത്തോടും ധർമ്മത്തോടും നിരക്കുന്നതല്ലതാനും. പ്രത്യേ കിച്ചും ഇസ്‌ലാമും ഇസ്‌ലാമിക അദ്ധ്യാപനങ്ങളും മസ്ജിദ് മദ്റസ കളും അതിൽ നിന്നും തീർത്തും ഒഴിവാണ്. ഇവയ്ക്ക് അക്രമങ്ങളുമായി യാതൊരു ബന്ധവുമില്ല. വളച്ച് കെട്ടില്ലാതെ അന്നും ഇന്നും എന്നും മുസ്‌ലിംകളോടും എല്ലാവരോടും അറിയിക്കുന്ന യാഥാർത്ഥ്യം ഇതാണ്. അക്രമം കൊണ്ട് ഒരു മതവും ഒരു വ്യക്തിയും സമുദായവും സ്ഥാപന വും പ്രസ്ഥാനവും ഒരിക്കലും ഗുണം പിടിക്കുന്നതല്ല. അക്രമം കൊണ്ട് അക്രമ ളും അസമാധാനങ്ങളും മാത്രമേ വളരുകയുള്ളൂ. ഇസ്‌ലാമിന് അക്രമങ്ങളുടെ യാതൊരാവശ്യവും ഇന്നുവരെയും ഉണ്ടായിട്ടില്ല. ഇനി ഒട്ടും ഉണ്ടാകുകയുമില്ല.

ഇക്കാര്യങ്ങളാണ് ഇസ്‌ലാമിക പാഠശാലകളായ മദ്റസകൾ പഠിപ്പിക്കുന്നത്. എന്നാൽ തെറ്റിദ്ധാരണ നിമിത്തമോ ദുരുദ്ദേശങ്ങൾ കാരണമോ പലപ്പോഴും ഭരണകൂടവും ഭരണകൂട ഏജൻസികളും മദ്റസ കളെയും ബന്ധപ്പെട്ടവരെയും പീഢിപ്പിക്കുകയുണ്ടായി. അങ്ങനെയാണ് അന്താരാഷ്ട്ര ഇസ്‌ലാമിക കലാലയമായ ദാറുൽ ഉലൂം ദേവ്ബന്ദിൽ 2008 ഫെബ്രുവരി 25-ൽ അതിമഹത്തായ ഒരു സമ്മേളനം നടന്നത്. ഇന്ത്യയിലെ പ്രധാനപ്പെട്ട എല്ലാ മദ്റസകളുടെയും സംഘടനകളു ടെയും പ്രതിനിധികൾ പങ്കെടുത്ത പ്രസ്തുത സമ്മേളനം ഈ വിഷയം ശക്തിയുക്തം സമർത്ഥിക്കുകയുണ്ടായി. അല്ലാഹുവിന്റെ അനുഗ്രഹ ത്താൽ സമ്മേളനം വൻ വിജയമാകുകയും നിഷ്പക്ഷമതികളിലെല്ലാം നല്ല പ്രതികരണം ഉളവാക്കുകയും ചെയ്തു. പ്രസ്തുത സമ്മേളനത്തോ ടനുബന്ധിച്ച് ദാറുൽ ഉലൂമിന്റെ മഹാനായ അമരക്കാരൻ മൗലാനാ മർഗൂബുർറഹ്മാൻ ഖാസിമിയുടെ നിർദ്ദേശപ്രകാരം തയ്യാറാക്കപ്പെട്ട ഹ്രസ്വമെങ്കിലും ആഴമേറിയ ഒരു രചനയാണിത്. രചയിതാവായ

മൗലാനാ അബ്ദുല്ലാഹ് മഅ് റൂഫി ദാറുൽ ഉലൂം ദേവ്ബന്ദിലെ തഖ സ്സുസ് ഫിൽ ഹദീസിശ്ശരീഫിലെ പ്രധാന ഉസ്താദ്. ഖുർആൻ, ഹദീസ് വചനങ്ങൾ കൊണ്ടും മഹാന്മാരുടെ പ്രസ്താവനകൾ കൊണ്ടും അനുഗ്ര ഹീതമായ ഈ ഗ്രന്ഥം വളരെ അമൂല്യമാണ്. പ്രത്യേകിച്ചും ആദരവായ റസൂലുല്ലാഹി (സ)യുടെ യഹൂദികളുമായിട്ടുള്ള കരാറിന്റെ വിവരണം അത്യന്തം പഠനാർഹമാണ്. ഈ രചന പഠിച്ചിരി ക്കൽ മുസ്‌ലിംകളുടെ മാത്രമല്ല അമുസ്‌ലിംകളുടെയും പ്രധാനപ്പെട്ട ഒരാവശ്യമാണ്. വിശിഷ്യാ പണ്ഡിതർ, ചിന്തകർ, പ്രഭാഷകർ, തൂലികാകാരന്മാർ എന്നിവർക്ക് ഇത് പ്രത്യേകമായി എത്തിച്ച് കൊടുക്കപ്പെടേണ്ടതുണ്ട്.

മാന്യ അനുവാചകർ ഇതിൽ സഹകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അല്ലാഹു നമ്മുടെ നന്മകൾ സ്വീകരിക്കുകയും എളുപ്പമാക്കുകയും ചെയ്യട്ടെ!

`മൗലവി അബ്ദുശ്ശുക്കൂർ ഖാസിമി.
സയ്യിദ് ഹസനി അക്കാദമി
ദാറുൽ ഉലൂം ഓച്ചിറ, കൊല്ലം.

# അവതാരിക

മൗലാനാ മർഗൂബുർറഹ്മാൻ ഖാസിമി
(മുൻ ചാൻസിലർ ദാറുൽ ഉലൂം ദേവ്ബന്ദ്)

ആധുനിക യുഗത്തിലെ അതിസങ്കീർണ്ണമായ ഒരു പ്രശ്നമാണ് ഭീകരവാദം. നമ്മുടെ പ്രിയ രാജ്യമായ ഇന്ത്യയും വ്യത്യസ്ഥ പ്രദേശങ്ങളും നാളുകളായി വിവിധ സമുദായ മത വിഭാഗങ്ങളിൽ പെട്ട തീവ്രവാദ ഗ്രൂപ്പുകളുടെ ഭീകരതയുടെ ഇരകളാണ്. തീവ്രവാദികൾക്ക് അവരുടേതായ ചില ലക്ഷ്യങ്ങളുണ്ട്. സത്യത്തിൽ തീവ്രവാദത്തിന് ഒരു മതവുമില്ല. ഒരു ധർമ്മവും തീവ്രവാദത്തെ പഠിപ്പിക്കുന്നുമില്ല. അതുകൊണ്ട് തന്നെ ഇന്ത്യൻ മുസ്‌ലിംകളും അവരുടെ കേന്ദ്രങ്ങളായ മദ്റസകളും ഭീകരവാദത്തിന്റെ സർവ്വരൂപങ്ങളെയും ശക്തിയുക്തം എതിർക്കുന്നു.

കാര്യമിങ്ങനെയായിട്ടും ഏതാനും നാളുകളായി നമ്മുടെ നാട്ടിലെ അവസ്ഥ മാറിക്കൊണ്ടിരിക്കുകയാണ്. ചില തീവ്രവാദ ഗ്രൂപ്പുകളുടെ ഇസ്‌ലാമിക നാമം മുന്നിൽ വെച്ചുകൊണ്ട് നമ്മുടെ നാട്ടിലെ വർഗ്ഗീയ ശക്തികൾ ഇന്ത്യൻ മുസ്‌ലിംകളെയും മദ്റസകളെയും ഭീകരവാദവുമായി ബന്ധിപ്പിക്കാൻ കൊണ്ടുപിടിച്ച ശ്രമം ആരംഭിച്ചിരി ക്കുന്നു. തൽഫലമായി ധാരാളം തെറ്റിദ്ധാരണകൾ പ്രചരിച്ചുകൊണ്ടിരിക്കുന്നു. മുസ്‌ലിംകളുടെയും മദ്റസകളുടെയും സ്വരാജ്യ സ്നേഹത്തിലധിഷ്ഠിതമായ സേവനങ്ങൾ അവഗണിച്ചുതുടങ്ങി. ഈ ചിന്താ രീതി ഇന്ത്യയിലെ ഭരണകൂടത്തിലും സമാധാനപാലകരിലും ശക്തമായിക്കൊണ്ടിരിക്കുന്നു. അങ്ങനെ നിരവധി നിരപരാധികളെ അറസ്റ്റ് ചെയ്യുകയും പീഢിപ്പിക്കുകയും ചെയ്യുന്നത് ഒരു പതിവായി മാറിക്കഴിഞ്ഞു.

അപകടകരമായ ഈ പ്രവണത തിരുത്താൻ പരിശ്രമിക്കൽ മുഴുവൻ രാജ്യസ്നേഹികളുടെയും കടമയാണ്. അങ്ങനെയാണ് ഭീകരവാദത്തെയും മുസ്‌ലിംകളുടെ മേലുള്ള ഭരണകൂടത്തിന്റെ അനീതിപരമായ സമീപനത്തെയും കുറിച്ച് ഉണർത്തുന്നതിന് 2008 ഫെബ്രുവരി 25-ാം തീയതി ദാറുൽ ഉലൂം ദേവ്ബന്ദിൽ ഒരു അഖിലേന്ത്യാ കോൺഫ

റൻസ് നടന്നത്. അതിൽ വ്യത്യസ്ഥ വിഭാഗങ്ങളിൽ പെട്ട നിരവധി പ്രതിനിധികൾ പങ്കെടുത്തു. എല്ലാവരും ഭീകരവാദത്തെ ശക്തിയുക്തം എതിർക്കുകയും അനിസ്‌ലാമികം എന്ന് പ്രഖ്യാപിക്കുകയും ചെയ്തു. കൂട്ടത്തിൽ ഈ ആരോപണം അടിസ്ഥാന രഹിതമായി ഉന്നയിച്ചു കൊണ്ട് മുസ്‌ലിംകളെയും മുസ്‌ലിം സ്ഥാപനങ്ങളെയും ദ്രോഹിക്കുന്ന ഭരണകൂട ഏജൻസികളുടെ നിന്ദ്യമായ സമീപനത്തെ ശക്തമായി അപലപിക്കുകയും ചെയ്തു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ വളരെ വിജയകരമായി നടന്ന ഈ സമ്മേളനം അന്തരീക്ഷത്തിൽ നല്ല പരി വർത്തനത്തിന് നിമിത്തമാകുമെന്ന് പ്രതീക്ഷിക്കുന്നു.

സമ്മേളനത്തോടനുബന്ധിച്ച് ഇസ്‌ലാമിന്റെ സമാധാന പൂർണ്ണമായ അദ്ധ്യാപനങ്ങളും സമ്മേളനത്തിന്റെ വിഷയങ്ങളും അടങ്ങിയ ഏതാനും ചെറുകൃതികൾ തയ്യാറാക്കാൻ തീരുമാനിക്കപ്പെട്ടു. അതിൽ ചെറുതെ ങ്കിലും വളരെ ആഴമേറിയ ഒരു രചനയാണ് ഇസ്‌ലാമിലെ കരാർ പാലനവും ഇന്ത്യൻ മുസ്ലിംകളും എന്ന ഈ മഹത്തായ രചന. ദാറുൽ ഉലൂം ദേവ്ബന്ദിലെ ഉന്നത ഹദീസ് പഠന വിഭാഗമായ 'തഖസ്സുസ് ഫിൽ ഹദീസിലെ പ്രധാന ഉസ്താദ് കൂടിയായ മൗലാനാ അബ്ദുല്ലാഹ് മഅ്റൂഫിയാണ് രചയിതാവ്. ഇന്നത്തെ സാഹചര്യത്തിൽ എല്ലാവരും വായിച്ചിരിക്കേണ്ടതും കാര്യമായി പ്രചരിപ്പിക്കേണ്ടതുമായ ഒരു രചന യാണിത്. അല്ലാഹു ഇതിനെ പ്രയോജനക രമാക്കുകയും സ്വീകരിക്കു കയും ചെയ്യട്ടെ! നമ്മുടെ പരിശ്രമങ്ങളെ വിജയകരമാക്കട്ടെ, ആമീൻ.

# ഇസ്‌ലാമിൽ കരാറുകളുടെ പ്രാധാന്യം ഖുർആൻ ഹദീസുകളുടെ കിരണങ്ങൾ

കരാറുകൾ പാലിക്കുക എന്നത് ഓരോ സത്യവിശ്വാസിയുടെയും നിർബന്ധ ബാധ്യതയാണ്. മറ്റുള്ളവരോടുള്ള കരാറുകൾ ശ്രദ്ധിക്കുന്നത് സത്യവിശ്വാസത്തിന്റെ ഭാഗമാണ്.

1. പരിശുദ്ധ ഖുർആനിൽ അല്ലാഹു ഉപദേശിക്കുന്നു: സത്യവിശ്വാസികളെ, കരാറുകൾ പൂർത്തീകരിക്കുക. (മാഇദ: 1)

ഇമാം റാഗിബ് ഇസ്ഫഹാനി (റഹ്) കുറിക്കുന്നു. കരാറുകളുടെ എല്ലാ വിഭാഗങ്ങളും ഈ ഉപദേശത്തിൽ പെടുന്നതാണ്. പ്രധാനമായും മൂന്ന് കരാറുകളാണുള്ളത്. ഒന്ന്: സർവ്വ ലോകപരിപാലകനായ അല്ലാഹുവിനോടുള്ള കരാറുകൾ. അവനിലുള്ള വിശ്വാസം, അനുസരണ, വിധിവിലക്കുകൾ പാലിക്കുക എന്നിവ ഇതിൽ പെട്ടതാണ്. രണ്ട്: സ്വന്തം വ്യക്തിത്വവുമായി ബന്ധപ്പെട്ട കരാറുകൾ. ഒരു കാര്യം ചെയ്യാമെന്ന് നേർച്ച നേരുന്നതും ശപഥം ചെയ്യുന്നതും സ്വയം ഏറ്റെടുക്കലും ഇതിൽ പെടുന്നു. മൂന്ന്: മനുഷ്യർ പരസ്പരം ചെയ്യുന്ന കരാറുകൾ. വ്യക്തികൾ, സംഘങ്ങൾ, സമുദായങ്ങൾ, ഭരണ കൂടങ്ങൾ എന്നിവയിലുള്ള സർവ്വകരാറുകളും ഇതിൽ ഉൾക്കൊള്ളുന്നു. (മുഫ് റദാതുൽ ഖുർആൻ) .

അല്ലാമാ മുഫ്തി മുഹമ്മദ് ഷഫീക്ക് ഉസ്മാനി (റഹ്) പ്രസ്താവിക്കുന്നു: രാഷ്ട്രങ്ങൾക്കിടയിലുള്ള കരാറുകളും പരസ്പര ധാരണകളും രണ്ട് സംഘങ്ങൾക്കിടയിലുള്ള പരസ്പര കരാർ ഉടമ്പടികളും രണ്ടു വ്യക്തികൾക്കിടയിലുണ്ടാകുന്ന വിവാഹം, കച്ചവടം, പങ്ക് കച്ചവടം, വാടക, പാരിതോഷികം മുതലായ എല്ലാവക കരാറുകളും വേണ്ടവിധം സംരക്ഷിച്ചു പൂർത്തീകരിക്കാൻ ഇരുവിഭാഗവും ബാദ്ധ്യസ്ഥരും നിർബന്ധിതരുമാണെന്ന് ഈ ആയത്ത് ഉണർത്തുന്നു. ഇവിടെ അനുവദനീയമായത് എന്നൊരു ഉപാധി ഉൾപ്പെടുത്തുവാൻ കാരണം ശരീഅത്തിന് വിരുദ്ധമായ നിബന്ധനകൾ നിശ്ചയിക്കുവാനോ അത് പൂർത്തീകരിക്കുവാനോ പാടി ല്ലായെന്നുണർത്താനാണ്. (മആരിഫുൽ ഖുർആൻ, മലയാളം പുറം 128) 2. മറ്റൊരിടത്ത് അല്ലാഹു കൽപിക്കുന്നു: കരാർ പാലിക്കുക. തീർച്ചയായും കരാറിനെ കുറിച്ച് ചോദിക്കപ്പെടുന്നതാണ്. (ഇസ്റാഅ്: 34) അതായത് നിർബന്ധ ബാധ്യതകൾ നിർവ്വഹിച്ചോ ഇല്ലയോ എന്ന് ഖിയാമത്ത് നാളിൽ ചോദിക്കപ്പെടുന്നത്

പോലെ പരസ്പരമുള്ള കരാറുകളെ കുറിച്ചും ചോദ്യമുണ്ടാകുന്നതാണ്. ചോദ്യമുണ്ടാകും എന്ന് മാത്രമേ ഇവിടെ പറഞ്ഞിട്ടുള്ളൂ. ചോദ്യത്തിന് ശേഷം എന്തുണ്ടാകും എന്ന് പറഞ്ഞിട്ടില്ല. ഇത് കാര്യ ത്തിന്റെ ഗൗരവത്തിലേക്കുള്ള സൂചനയാണ്.

**3.** ഇപ്രകാരം റസൂലുല്ലാഹി (സ)യുടെ തിരുവചനങ്ങളിലും കരാർ പാലനത്തെ കുറിച്ച് ഉണർത്തുകയും കാപട്യത്തിന്റെ ലക്ഷണമായി വിവരിക്കുകയും ചെയ്തിട്ടുണ്ട്. റസൂലുല്ലാഹി (സ) അരുളി: നാല് ദുർഗ്ഗുണങ്ങൾ ഉള്ളവൻ പൂർണ്ണ കപടനാണ്. ഒരെണ്ണം ഉള്ളവൻ അതിനെ വർജ്ജിക്കുന്നത് വരെ ഒരു കാപട്യഗുണം ഉള്ളവ നാണ്. 1. വല്ലതും വിശ്വസിച്ച് ഏൽപ്പിക്കപ്പെട്ടാൽ വഞ്ചിക്കുക. 2. സംസാരിച്ചാൽ കളവ് പറയുക. 3. കരാർ ചെയ്താൽ ലംഘിക്കുക. 4. തർക്കിച്ചാൽ അസഭ്യം പറയുക. (ബുഖാരി. 34)

**4.** ഖിയാമത്ത് ദിനം സർവ്വ മനുഷ്യരേയും ഒരുമിച്ച് കൂട്ടുമ്പോൾ എല്ലാ കരാർ ലംഘകരുടെയും ചന്തിയിൽ ഒരു കൊടി നാട്ടപ്പെടുന്നതും ഇത് ഇന്നവന്റെ മകൻ ഇന്നവന്റെ കരാർ ലംഘനത്തിന്റെ അടയാളമാണ് എന്ന് പ്രഖ്യാപിക്കപ്പെടുകയും ചെയ്യുന്നതാണ്. (മുസ്ലിം 1735) കരാർ ലംഘനം ഖിയാമത്ത് നാളിൽ സർവ്വജനങ്ങളുടെയും മുന്നിൽ വെച്ച് നാണക്കേടുണ്ടാക്കുമെന്ന് ഈ ഹദീസ് ഉണർത്തുന്നു.

**5.** അറിയുക: ആരെങ്കിലും കരാറുകാരനായ ഒരു അമുസ്ലിമിനോട് അക്രമം കാട്ടുകയോ അവകാശം ധ്വംസിക്കുകയോ വഹിക്കാവുന്നതിനേക്കാൾ കൂടുതൽ ഭാരം വഹിപ്പിക്കുകയോ സംതൃപ്തിയില്ലാതെ വല്ലതും എടുക്കുകയോ ചെയ്താൽ ഖിയാമത് നാളിൽ ഞാൻ അവനെതിരിൽ വാദിയായി കേസ് കൊടുക്കുന്നതാണ്. (അബൂദാവൂദ് 3052) ലോകത്തിന്റെ നായകനും അല്ലാഹുവിന്റെ പ്രിയങ്കരനുമായ റസൂലുല്ലാഹി (സ) അല്ലാഹുവിന്റെ മുന്നിൽ വാദിയായി കേസ് ഫയൽ ചെയ്യുന്ന വ്യക്തി എത്ര നിന്ദ്യനും നിസ്സാര നുമാണ്.

കരാർ പാലനത്തിന്റെ ഗൗരവം വിളിച്ചറിയിക്കുന്ന ഖുർആൻ-ഹദീസുകളിലെ സൂക്തങ്ങൾ നിരവധിയാണ്. അവയെ ഒരുമിച്ചുകൂട്ടിയാൽ ബ്രഹത്തായ ഒരു ഗ്രന്ഥം തന്നെ തയ്യാറാകുന്നതാണ്. ദൈർഘ്യം ഭയന്ന് ഇത്രയും കൊണ്ട് മതിയാക്കുന്നു. ചുരുക്കത്തിൽ വാഗ്ദത്വപാലനവും കരാർ പൂർത്തീകരണവും ഇസ്ലാമിന്റെ അടിസ്ഥാന അദ്ധ്യാപനങ്ങളിൽ പെട്ടതാണ്. കരാർ പൊളിക്കുന്നതിനെയും വാഗ്ദത്ത ലംഘനത്തെയും ഇസ്ലാം ശക്തമായി എതിർക്കുന്നു. ഇസ്ലാമിക ദൃഷ്ടിയിൽ അത് മഹാപാപമാണ്. ഈ പാപം ചെയ്യുന്നവരുടെ ഈമാനും ഇസ്ലാമും

സമ്പൂർണ്ണമല്ല. മുസ്ലിംകൾ ഏതു രാജ്യത്തുള്ളവരായിരുന്നാലും കരാറുകൾ ഒരിക്കലും പൊളിക്കുന്നതല്ല.

# ഇന്ത്യയിൽ മുസ്ലിംകളുടെ സഹകരണ കരാർ

ഇന്ത്യയിലെ സഹോദര സമുദായംഗങ്ങളെ പോലെ മുസ്ലിംകളും ഇന്ത്യയിലെ പ്രധാന പൗരന്മാരാണ്. ഇംഗ്ലീഷ്കാർ മുസ്ലിംകളിൽ നിന്നുമാണ് ഈ രാജ്യം പിടിച്ചടക്കിയത്. അതുകൊണ്ട് തന്നെ സ്വാതന്ത്ര്യത്തിന്റെ ചിന്ത പ്രഥമവും പ്രധാനവുമായുണ്ടായത് മുസ്ലിംകൾക്കാണ്. അങ്ങനെ ഈ വഴിയിൽ ആദ്യമാദ്യം മുസ്ലിംകൾ പലപ്രാവശ്യം സായുധപോരാട്ടങ്ങൾ നടത്തി. എന്നാൽ അവസാനം ഗാന്ധിയുടെയും കോൺഗ്രസ്സിന്റെയും കൂട്ടത്തിൽ സഹകരിച്ച് നിരായുധ സമരം ആരംഭിച്ചു. സാമ്രാജ്യത്വത്തിനെതിരിൽ രാജ്യത്താകമാനം നിസ്സഹകരണ പ്രസ്ഥാനം ശക്തമാക്കി. നിസ്സഹകരണ പ്രസ്ഥാനത്തിന്റെ ഒരു നായകൻ ഗാന്ധിയായിരുന്നെങ്കിൽ മറ്റൊരു നായകൻ ശൈഖുൽ ഹിന്ദ് മൗലാനാ മഹ്മൂദുൽ ഹസൻ ദേവ്ബന്ദി ആയിരുന്നു. അവസാനം സഹോദര സമുദായങ്ങളുമായിട്ടുള്ള കരാറും സഹകരണവും കാരണമായി ഇന്ത്യ സ്വതന്ത്ര്യം പ്രാപിച്ചു.

ഹിന്ദു- മുസ്ലിം ഐക്യത്തിലും സഹകരണത്തിലും മുസ്ലിം പണ്ഡിതർ വളരെയധികം ശ്രദ്ധിച്ചിരു ന്നു. 1920 ഒക്ടോബറിൽ ഡൽഹിയിൽ കൂടിയ ജംഇയ്യത്ത് ഉലമായെ ഹിന്ദിന്റെ സമ്മേളനത്തിൽ ശൈഖുൽ ഹിന്ദ് പ്രസ്താവിച്ചു: ഹിന്ദുക്കളുടെയും മുസ്ലിംകളുടെയും ഐക്യവും സഹകരണവും വളരെ പ്രയോജനകരമായിട്ടാണ് ഞാൻ മനസ്സിലാക്കുന്നത്. സങ്കീർണ്ണമായ ഈ ഘട്ടത്തിൽ ഈ ഐക്യം നിലനിർത്താനും വളർത്താനും പരിശ്രമിക്കുന്ന നേതാക്കളെ നാം വിലമതിക്കേണ്ടതാണ്. കാരണം ഈ ഐക്യം ഇല്ലെങ്കിൽ ഇന്ത്യയുടെ സ്വാതന്ത്ര്യം എന്നന്നേക്കു മായി അസാധ്യമായിത്തീരും. മറുഭാഗത്ത് വിദേശ ശക്തികൾ നമ്മുടെമേൽ പിടിമുറുക്കും. ആകയാൽ ഇന്ത്യയിൽ പരന്ന് കിടക്കുന്ന ഈ രണ്ട് സമുദായങ്ങൾ മാത്രമല്ല, പോരാട്ടവീര്യമുള്ള സിഖുകാരും കൂടിച്ചേർന്ന് പരിശ്രമിച്ചാൽ ഒരു വൻ ശക്തിക്കും നമ്മെ പരാജയപ്പെടുത്താൻ കഴിയില്ല.(മുജാഹിദാന കാർ നാമ: 216)

# സഹകരണത്തിന്റെ വഴി

മുസ്‌ലിംകളും ഇതരമതസ്ഥരും അവരവരുടെ മത തത്വങ്ങൾ പാലിച്ച് ജീവിക്കണമെന്നും മറ്റുള്ളവരുടെ വികാരം വ്രണപ്പെടുത്തുന്നതൊന്നും ചെയ്യരുതെന്നും മുസ്‌ലിം പണ്ഡിതർ എക്കാലത്തും ഉണർത്തിയിരുന്നു. ശൈഖുൽ ഹിന്ദ് (റഹ്) തന്നെ തുടരുന്നു: ഈ പരസ്പര സഹകരണവും യോജിപ്പും നിലനിൽക്കണമെങ്കിൽ അതിന് അല്ലാഹു തന്നെ പഠിപ്പിച്ചിട്ടുള്ള ചില നിയമാതിർത്തികൾ നാം മനസ്സിലാക്കുകയും പാലിക്കുകയും ചെയ്യേ ണ്ടതുണ്ട്. അതായത് ഇരുകൂട്ടരും സംയുക്തമായി നടത്തുന്ന പരിപാടികളിൽ ഇരുവിഭാഗത്തിന്റെയും മതകാര്യങ്ങളിൽ ചെറിയൊരു കാര്യത്തെ പോലും തൊട്ടുകളിക്കരുത്. കൂടാതെ മറു വിഭാഗത്തിന്റെ മനസ്സ് വേദനിപ്പിക്കുന്ന ഒരു ഇടപാടുകളും നടത്തരുത്. ഇന്ന് ഈ നിയമം പലരും പാലിക്കുന്നില്ലെന്ന് പറയുന്നതിൽ എനിക്ക് ദുഃഖമുണ്ട്. സ്വന്തം മതനിയമങ്ങൾ ഉപേക്ഷിക്കാൻ പോലും പലരും തയ്യാറാണെങ്കിലും മറ്റുള്ളവരെ ഉപദ്ര വിച്ച് വേദനിപ്പിക്കുന്നതിൽ നിന്നും മാറി നിൽക്കാൻ അവർക്കും കഴിയുന്നില്ല. (216)

# കരാറിന്റെ ഇസ്‌ലാമിക നിലപാട്

സഹോദര സമുദായങ്ങളുമായുള്ള ഇത്തരം കരാറിന്റെ പ്രാധാന്യവും ആവശ്യകതയും മതപരമായ ഒരു കാര്യമായിത്തന്നെയാണ് മുസ്‌ലിം പണ്ഡിതർ കണ്ടിട്ടുള്ളത്. ശൈഖുൽ ഹിന്ദിന്റെ സമർത്ഥനായ ശിഷ്യനും ലോകപ്രശസ്ത ഹദീസ് പണ്ഡിതനുമായ അല്ലാമാ അൻവർഷാ കശ്മീരി 1927 ഡിസംബറിൽ പെഷാവറിൽ കൂടിയ ജംഇയ്യത്തിന്റെ പൊതു സമ്മേളനത്തിൽ അദ്ധ്യക്ഷ പ്രസംഗം നടത്തവെ പ്രസ്ഥാവിച്ചു: ഈ രാജ്യത്തെ സഹോദര സമുദായം ഗങ്ങളോട് ഒരു കാര്യം വളരെ ഉറപ്പോടെ അറിയിക്കാൻ ആഗ്രഹിക്കുന്നു. നിങ്ങൾ മുസ്‌ലിംകളുമായി നീതിയുക്തമായ കരാർ ചെയ്യുകയും കരാറിനെ ആത്മാർത്ഥമായി പാലിക്കുകയും രാഷ്ട്രീയ കുതന്ത്രങ്ങൾ വർജ്ജിക്കുകയും ചെയ്താൽ മുസ്‌ലിംകൾ ഈ വിഷയത്തിൽ പരിപൂർണ്ണ ആത്മാർത്ഥതയോടെ മുന്നിട്ടിറങ്ങുന്നതാണ്. കാരണം കരാർകാരോടുള്ള കരാറിനെ പൂർത്തീകരിക്കൽ മുസ്‌ലിംകളുടെ മേൽ നിർബന്ധ ബാധ്യതയാണെന്ന് പരിശുദ്ധ ഖുർആൻ ഉണർത്തിയിട്ടുണ്ട്. (തൗബ: 4) ഓരോ സമുദായവും ഇതര സമുദായങ്ങളെ പൂർണ്ണമായി ആദരിക്കുക, ജീവനിലും സമ്പത്തിലും അഭിമാനത്തിലും അതിക്രമിക്കാതിരിക്കുക, അക്രമത്തെ നിഷിദ്ധമായി കാണുക. സ്വന്തം മത തത്വങ്ങൾക്കനുസരിച്ച് ജീവിക്കാനുള്ള അവകാശം നൽകുക, ഇതര മതസ്ഥരെ നിന്ദിക്കാതിരിക്കുക എന്നീ വിഷയങ്ങളിലുള്ള കരാറുകളെ മുസ്‌ലിംകൾ ശരീഅത്തിന്റെ വെളിച്ചത്തിൽ സ്വാഗതം ചെയ്യുന്നവരാണ്. മാത്രമല്ല ഇത്തരം

കരാറുകാരുടെ ജീവനം സമ്പത്തും സംരക്ഷിക്കാൻ മുസ്‌ലിംകൾ മുൻപ ന്തിയിലുണ്ടാകുന്നതാണ്. ഇത് വെറും തത്വം മാത്രമല്ല, മുസ്‌ലിംകൾ അവരുടെ അധികാര കാലഘട്ടങ്ങളിൽ കരാറുകാരായ അമുസ്‌ലിംകളുടെ ജീവനം സമ്പത്തും സംരക്ഷിക്കുകയും ആ വഴിയിൽ ജീവാർപ്പണം നടത്തുകയും ചെയ്തതിന് ആയിരക്കണക്കിന് ഉദാഹരണങ്ങളുണ്ട്.

# മുസ്‌ലിംകളുടെ രാജ്യസ്നേഹം

അല്ലാമാ കശ്മീരി (റഹ്) ഉപര്യുക്ത പ്രഭാഷണത്തിൽ തുട രുന്നു: ഇന്ത്യ ഹൈന്ദവരുടെ സ്വദേശമാണെന്നതു പോലെ മുസ്‌ലിംകളുടെയും സ്വദേശമാണ്. മുൻഗാമികളായ മുസ്‌ലിം മഹാത്മാക്കൾ നൂറ്റാണ്ടുകൾക്ക് മുമ്പ് ഇന്ത്യയിലെത്തി നൂറ്റാണ്ടുകൾ ഇവിടെ ഭരണം നടത്തി. ഇന്ത്യയുടെ ഓരോ പ്രദേശങ്ങളിലും മുസ്‌ലിം മഹത്വം വിളിച്ചറിയിക്കുന്ന അനവധി നിരവധി സ്മാരകങ്ങളുണ്ട്. മുസ്‌ലിംകളുടെ വിജ്ഞാന ആവേശവും രാജ്യസ്നേഹവും അവ സാക്ഷ്യം വഹിക്കുന്നു. ഇന്ത്യയുടെ മണ്ണും ജലവും കൊണ്ടാണ് ഇവിടുത്തെ മുസ്‌ലിംകൾ സൃഷ്ടി ക്കപ്പെട്ടിരിക്കുന്നത് തന്നെ! ഇവിടെ അവരുടെ മത-സാംസ്കാരിക സ്മാരകങ്ങളുണ്ട്. കോടിക്കണക്കിന് രൂപ വില വരുന്ന സ്വത്തുക്കളുണ്ട്. ഒരു യഥാർത്ഥ രാജ്യസ്നേഹിയുടേതായ രാജ്യസ്നേഹമുള്ളവരാണ് മുസ്‌ലിംകൾ. ഇതെങ്ങനെ ഉണ്ടാ കാതിരിക്കും? മുസ്ലിംകളുടെ നായകനും പ്രിയങ്കരനുമായ റസൂലുല്ലാഹി : ജന്മദേശത്തെ അതിയായി സ്നേഹിച്ചിരുന്നു. മദീന ത്വയ്യിബയിലേക്ക് പലായനം ചെയ്ത് അതിനെ ദേശമാക്കിയപ്പോൾ അതിനെയും അതിയായി സ്നേഹിച്ചു. ഇരുലോക നായകനായ റസൂലുല്ലാഹിയുടെ സ്വരാജ്യസ്നേഹത്തിന്റെ മാതൃക മുന്നിലുള്ളപ്പോൾ ഒരു യഥാർത്ഥ മുസ്ലിം നിഷ്കള കനായ രാജ്യസ്നേഹി ആകാതിരിക്കുക ഒരിക്കലും സാധ്യമ ല്ല. എന്നാൽ മുസ്ലിംകൾക്ക് തങ്ങളുടെ മതസംരക്ഷണത്തെ കുറിച്ച് കൂടി വലിയ ചിന്താഭാരമുണ്ട്. ആകയാൽ മുസ്ലിംക ളുടെയും അമുസ്ലിംകളുടെയും, മതത്തിന്റെയും രാജ്യത്തി ന്റെയും സംരക്ഷണത്തിനുള്ള ഉത്തമമായ മാർഗ്ഗം പരസ്പര നീതിയുക്തമായ കരാറും ധാരണയുമാണ്.

# ഒരു തെറ്റിദ്ധാരണയ്ക്കുള്ള മറുപടി

അല്ലാമാ തുടരുന്നു: ഏതെങ്കിലും മുസ്‌ലിം ഭരണകൂടം ഇന്ത്യയെ അക്രമിച്ചാൽ മുസ്‌ലിംകളുടെ സമീപനം എന്തായിരിക്കാമെന്ന് ചിലർക്ക് സംശയമുണ്ട്. അത്യന്തം തരംതാഴ്ന്ന ഒരു സംശയമാണിത്. ഇതിനുള്ള വ്യക്തമായ മറുപടി ഇതാണ്: മുസ്‌ലിംകളും അമുസ്‌ലിംകളും വല്ല കരാറിലൂടെ പരസ്പരം വിശ്വസിക്കുകയും അമുസ്‌ലിംകൾ കരാർ ലംഘിക്കാതിരിക്കുകയും ചെയ്താൽ മുസ്‌ലിംകൾ ഇന്ത്യയുടെ മേൽ എന്നല്ല അമുസ്‌ലിംകളുടെമേലുള്ള അക്രമ

ങ്ങളെയും സ്വന്തം വ്യക്തിത്വത്തിനും അസ്തിത്വത്തിനും മേലുള്ള അക്രമമായി കാണുന്നതാണ്. അക്രമി, മുസ്‌ലിം സമുദായത്തിൽ പെട്ട ആളായിരുന്നാലും ശരി. ഇവിടെ പ്രധാനപ്പെട്ട മറ്റൊരു സംഗതിയുണ്ട്. ഇന്ത്യയിലെ മുസ്‌ലിംകളുടെയും അമുസ്‌ലിംകളുടെയും ഇടയിൽ ഇത്തരം ഒരു കരാർ നിലനിൽക്കുന്നിടത്തോളം കാലം ഈ കരാറിനെതിരിൽ നീങ്ങാനും ഇന്ത്യയെ അക്രമിക്കാനും ഒരു മുസ്‌ലിം ഭരണാധികാരിക്കും മതപരമായി അനുവാദമില്ല. പ്രത്യുത ഇന്ത്യൻ മുസ്‌ലിംകളുടെ കരാറിനെ പരിപൂർണ്ണമായി ആദരിക്കൽ മറ്റുള്ളവരുടെ മേൽ നിർബന്ധമാണ്. റസൂലുല്ലാഹി (സ) അരുളി: മുസ്‌ലിംകളുടെ കരാറുകൾ ഒന്നാണ്. ഒരു താഴ്ന്ന മുസ്‌ലിം മറ്റുള്ളവരുമായി വല്ല കരാറും ചെയ്താൽ അതിനെ ആദരിക്കൽ എല്ലാവരുടെമേലും കടമയാണ്. (ബുഖാരി 3180)

# കരാറിന്റെ നബവി മാതൃക

അല്ലാമാ കശ്മീരി (റഹ്) ഈ പ്രഭാഷണത്തിൽ അമുസ്‌ലിംകളുമായുള്ള നബവി കരാറിന്റെ മാതൃകയും അനുസ്മരിച്ചു. അത്യന്തം പഠനാർഹവും ചിന്തനീയവുമായ പ്രസ്തുത പ്രഭാഷണ ഭാഗങ്ങൾ ശ്രദ്ധിക്കുക:

ഇത്തരുണത്തിൽ സയ്യിദുൽ മുർസലീൻ മുഹമ്മദ് മുസ്ത്വഫാ മദീനാ പലായനത്തിന്റെ പ്രഥമ ഘട്ടത്തിൽ മുസ്‌ലിംകൾക്കും മദീനയിലെ യഹൂദികൾക്കുമിടയിൽ നടത്തിയ ഒരു മഹത്തായ കരാറിലേക്ക് നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. വ്യത്യസ്ഥ മതസ്ഥർ വസിക്കുന്ന ഇന്ത്യപോലുള്ള രാഷ്ട്രത്തിൽ പരസ്പരം കരാർ ചെയ്യാൻ ആഗ്രഹിക്കുന്നവർക്കെല്ലാം ഇത് ഒരു ഉത്തമ മാതൃകയാണ്. കരാറിന്റെ വാചകങ്ങൾ വളരെ ദീർഘമായതിനാൽ ഇവിടെ അതിൽ നിന്നും ഏതാനും വചനങ്ങൾ തെരഞ്ഞെടുത്ത് ഉദ്ധരിക്കുന്നു:

അളവറ്റ ദയാപരനും മഹാ കാരുണികനുമായ അല്ലാഹുവിന്റെ നാമത്തിൽ. മുസ്‌ലിംകളുടെയും അവരുമായി സഖ്യത്തിലാകുന്നവരുടെയും ഇടയിൽ മുഹമ്മദുർറസൂലുല്ലാഹി (സ) നടപ്പിലാക്കുന്ന കരാറാണിത്.

**1.** കരാർ ചെയ്ത കക്ഷികളെല്ലാം കരാർ ചെയ്യാത്തവർക്കെതിരിൽ ഒറ്റ കക്ഷിയായിരിക്കും.

**2.** എന്നാൽ ഈ കക്ഷികളിൽ പെട്ട ഒരുവിഭാഗത്തിലെ ആരെങ്കിലും കുറ്റം ചെയ്താൽ അതിന്റെ നഷ്ടപരിഹാരം ആ വിഭാഗം തന്നെ നീതിപൂർവ്വം നൽകേണ്ടതാണ്.

**3.** എന്നാൽ മുസ്‌ലിംകളിൽ ആരെങ്കിലും കുറ്റം ചെയ്യുകയും നഷ്ടപരിഹാരം ചെയ്യാൻ കഴിയാതെ വരുകയും ചെയ്താൽ മുസ്‌ലിംകളെല്ലാവരും കൂടി ആ നഷ്ടപരിഹാരം നൽകേണ്ടതാണ്.

**4.** നാശവും കുഴപ്പവുമുണ്ടാക്കുകയും അക്രമം കാട്ടുകയും ചെയ്യുന്നയാളെ മുസ്‌ലിംകളെല്ലാവരും പരസ്യമായി എതിർക്കുന്നതാണ്. അത് നമ്മിൽ ആരുടെയെങ്കിലും സ്വന്തം മകനാണെങ്കിലും ശരി.

**5.** മുസ്‌ലിംകൾക്കെതിരിൽ അമുസ്‌ലിംകളായ ശത്രുക്കളെ മുസ്‌ലിംകളാരും സഹായിക്കാൻ പാടുള്ളതല്ല.

**6.** ഒരു മുസ്‌ലിം ആർക്കെങ്കിലും അഭയം നൽകിയാൽ അതിനെ പാലിക്കാൻ മറ്റ് മുസ്‌ലിംകളെല്ലാം ബാദ്ധ്യസ്ഥരാണ്. അഭയം നൽകിയ വ്യക്തി ഒരു താഴ്ന്ന മുസ്‌ലിമാണെങ്കിലും ശരി.

**7.** ആരെങ്കിലും നമ്മിൽ പെട്ട ഒരു കൂട്ടർക്കെതിരിൽ തിരിഞ്ഞാൽ എല്ലാവരും നമ്മിൽ പെട്ടവരെ സഹായിക്കേണ്ടതാണ്.

**8.** മുസ്‌ലിംകളുമായി കരാർ ചെയ്തിട്ടുള്ള യഹൂദികളോട് അനുകമ്പയും സദ്ഭാവനയും മുസ്‌ലിംകൾ പുലർത്തേണ്ടതാണ്. അവരോട് അക്രമം കാട്ടുകയോ അവർക്കെതിരിൽ അക്രമികളെ സഹായിക്കുകയോ ചെയ്യാൻ പാടില്ല.

**9.** ഈ കരാറിൽ മുസ്‌ലിംകൾ ഒരു കക്ഷിയാണ്. അതുകൊണ്ട് മറ്റുള്ളവരുമായി കൂടിയാലോചിക്കാതെ ഒരാൾ ഒറ്റയ്ക്ക് പുതിയ സമൂഹവുമായി കരാർ നടത്താൻ പാടില്ല. എന്നാൽ എല്ലാവരുടെയും അഭിപ്രായവും നീതിയും അവകാശവും പരിഗണിച്ചു കൊണ്ടാണെങ്കിൽ കുഴപ്പമില്ല.

**10.** ഈ കരാർ പാലിക്കുന്നതിൽ ഉന്നത നിലവാരം പുലർത്താനും ഉത്തമ സ്വഭാവം കാഴ്ച വെയ്ക്കാനും മുസ്‌ലിംകൾ ബാദ്ധ്യസ്ഥരാണ്.

**11.** ഈ കരാർ പാലിക്കാമെന്ന് സമ്മതിക്കുകയും ഉന്നതനായ പടച്ചവനിൽ വിശ്വസിക്കുകയും ചെയ്യുന്നവരാരും ഈ കരാറുകളിൽ കൂട്ടിച്ചേർക്കാനോ ഈ കരാറിനെ ആദരിക്കാത്തവരുമായി ബന്ധപ്പെടാനോ പാടില്ല.

**12.** എന്തെങ്കിലും വിഷയത്തിൽ മുസ്‌ലിംകൾക്കിടയിൽ അഭിപ്രായവ്യത്യാസമുണ്ടായാൽ അവർ അല്ലാഹുവിലേക്കും റസൂലിലേക്കും മടങ്ങേണ്ടതാണ്.

**13.** മുസ്‌ലിംകൾ ആരെങ്കിലുമായി യുദ്ധം നടത്തുമ്പോൾ അവരെ സാമ്പത്തികമായി സഹായിക്കാൻ യഹൂദികൾ ഈ കരാറിന് ശേഷം ബാദ്ധ്യസ്ഥരാണ്.

**14.** ഇനി മുതൽ യഹൂദികൾ മുസ്‌ലിംകളുടെ കരാറുകാരാണ്. യഹൂദികൾ അവരുടെ മതവും മുസ്‌ലിംകൾ അവരുടെ മതവും അനുസരിച്ച് ജീവിക്കുന്നതാണ്. മതപരമല്ലാത്ത കാര്യങ്ങളിൽ ഇരുകൂട്ടരും ഒരു വിഭാഗമായി ഗണിക്കപ്പെടും. അക്രമവും കരാർ ലംഘനവും കുറ്റകൃത്യവും, അത് ചെയ്യുന്നവർക്ക് ശിക്ഷ നൽകപ്പെടുന്നതുമാണ്.

**15.** ഇരുകൂട്ടർക്കും എതിരിൽ മൂന്നാമതൊരു കൂട്ടർ യുദ്ധം ചെയ്താൽ ഇരുകൂട്ടരും ഒത്തൊരുമിച്ച് അവരെ നേരിടുന്നതാണ്. മുസ്‌ലിം സൈന്യത്തിന്റെ ചിലവ് അവരും യഹൂദ സൈന്യത്തിന്റെ ചിലവ് അവരും വഹിക്കേണ്ടതാണ്.

**16.** ഇരുകൂട്ടരും പരസ്പരം വിശ്വാസത്തിലും സദ്ഭാവനയിലും വർത്തിക്കേണ്ടതാണ്. ആരും മറ്റുള്ളവരോട് അക്രമവും അനീതിയും കാട്ടരുത്. അക്രമം കാട്ടിയാൽ മർദ്ദിതനെ എല്ലാവരും കൂടി സഹായിക്കേണ്ടതാണ്.

**17.** അയൽവാസികൾ ഉപദ്രവിക്കാതിരിക്കുകയും പാപങ്ങൾ ചെയ്യാതിരിക്കുകയും ചെയ്യുന്നിടത്തോളം അയൽവാസികളെ ജീവന് തുല്യമായി സ്നേഹിക്കണം.

**18.** സ്ത്രീകൾ ആരെങ്കിലും വീട് വിട്ട് വന്നാൽ അവരുടെ കുടുംബത്തിന്റെ അനുവാദമില്ലാതെ അവർക്ക് അഭയം നൽകരുത്. (അൽബിദായ വന്നിഹായ)

# ഇന്ത്യയുടെ സ്വാതന്ത്ര്യത്തിന് ശേഷം

ഉപര്യുക്ത കരാറുകളെ കുറിച്ചറിയാവുന്ന മുസ്ലിം പണ്ഡിതർ ഇന്ത്യയുടെ സ്വാതന്ത്ര്യ സമരത്തിൽ മുന്നിട്ടിറങ്ങി സഹോദര സമുദായംഗങ്ങളുമായി സഹകരിച്ചു. അങ്ങനെ സ്വാതന്ത്ര്യ സമരത്തിന്റെ വാഹക സംഘം ഇത്തരം കരാറിന്റെയും സഹകരണത്തിന്റെയും അടിസ്ഥാനത്തിൽ മുന്നോട്ടുനീങ്ങി. പടച്ചവന്റെ അനുഗ്രഹത്താൽ സംഘം ലക്ഷ്യസ്ഥാനത്ത് എത്തിച്ചേർന്നു. ഇന്ത്യ സ്വതന്ത്രമായി. ഇംഗ്ലീഷ്കാർക്ക് ഈ രാജ്യം വിടേണ്ടിവന്നു. പക്ഷെ അവർ പോകുന്ന സമയത്ത് ഇന്ത്യാ വിഭജനം എന്ന രൂപത്തിൽ അതിഭയങ്കരമായ വിഷം ഈ നാടിന്റെ അന്തരീ ക്ഷത്തിലാകെ കുത്തിനിറച്ചു. ''ഞങ്ങളില്ലെങ്കിൽ നിങ്ങളും വേണ്ട എന്ന ഇംഗ്ലീഷ്കാരുടെ തരം താഴ്ന്ന ചിന്താഗതി കാരണം ഈ വിഷം പ്രിയപ്പെട്ട നാടിന്റെ രാഷ്ട്രീയ സാമൂഹിക മേഖലകളിലാകമാനം ആഴ്ന്നിറങ്ങി. എന്നാൽ വ്യത്യസ്ഥ വിഭാഗങ്ങളിലെ ദൂരദൃക്കുകളും മനുഷ്യസ്നേഹികളുമായ നേതാക്കന്മാർ മുന്നിട്ടിറങ്ങി. അന്തരീക്ഷത്തെ നിയന്ത്രിക്കാനും ഈ രാജ്യത്തിന്റെ ഗംഗാ യമുനാ സംസ്കാരം (ഹിന്ദു- മുസ്ലിം സഹകരണ മനസ്ഥിതി) തകരാതെ സൂക്ഷിക്കാനും അവർ പരിശ്രമിച്ചു. തൽഫലമായി എല്ലാ വിഭാഗത്തിന്റെയും ജീവനും, സമ്പത്തും, അഭിമാനവും, മതവും സംരക്ഷിക്കണമെന്ന് ഉറക്കെ പ്രഖ്യാപിക്കുന്ന ഒരു ഭരണഘടന രാജ്യത്ത് നിലവിൽ വന്നു. 1948 ൽ ഏപ്രിലിൽ മുംബൈയിൽ കൂടിയ ജംഇയ്യത്ത് ഉലമായെ ഹിന്ദിന്റെ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ച ശൈഖുൽ ഇസ്ലാം മൗലാനാ സയ്യിദ് ഹുസൈൻ അഹ്മദ് മദനി (റഹ്) ഇന്ത്യാ വിഭജനത്തിന്റെ നഷ്ടങ്ങളും പരിഹാര മാർഗ്ഗങ്ങളും'' എന്ന വിഷയത്തിൽ പ്രസ്താവിച്ചു:

ഇന്ത്യയുടെ വിഭജനം പ്രിയപ്പെട്ട നാടിന് അപരിഹാര്യമായ നഷ്ടങ്ങളാണ് വരുത്തിയിട്ടുള്ളത്. എന്നാൽ ഇതുകൊണ്ട് ഏറ്റം വലിയ നാശനഷ്ടങ്ങൾ ഏൽക്കേണ്ടിവന്നത് മുസ്ലിംകൾക്കാണ്. രാജ്യത്തിന്റെ എട്ടിലൊരു ഭാഗം മാത്രമേ മുറിഞ്ഞ് മാറിയിട്ടുള്ളൂ. പക്ഷെ മുസ്ലിംകളുടെ പകുതിയിൽ കൂടുതൽ മുറിഞ്ഞുപോയി! ഇന്ത്യൻ ജനസംഖ്യയിലെ നാലിലൊന്ന് ഉണ്ടായിരുന്ന മുസ്ലിംകൾ ഏഴിലൊന്നായി മാറി. അസംബ്ലികൾ, കൗൺസിലുകൾ, ഉദ്യോഗങ്ങൾ എന്നിവയിൽ മുപ്പതും മുപ്പത്തിമൂന്നും ശതമാനം അവകാശം ലഭിച്ചിരുന്നവർക്ക് ഇപ്പോൾ പതിമൂന്ന് ശതമാനമായി മാറി എന്നാൽ ഈ നാശ നഷ്ടങ്ങളെല്ലാം ഉണ്ടായിട്ടും ഇന്ത്യൻ ജനതയുടെ ഭാവി ഇരുണ്ടതല്ല എന്നാണ് മനസ്സിലാകുന്നത്. കാരണം ഇന്ത്യ ഒരു മതേതര രാഷ്ട്രമായിരിക്കുമെന്നും ഇവിടുത്തെ ഭരണം ഏതെങ്കിലും പ്രത്യേക വിഭാഗത്തിന്റെ

മതമനസരിച്ച് ആയിരിക്കില്ലെന്നും ഇന്ത്യൻ യൂണിയന്റെ നിയമ നിർമ്മാണ സഭ തീരുമാ നിച്ചിരിക്കുകയാണ്. നൂറ്റിഅൻപത് വർഷം നിലനിന്ന ബ്രിട്ടീഷുകാരുടെ ഭിന്നിപ്പിച്ച് ഭരിക്കൽ കാരണം ഉണ്ടായിത്തീർന്നിട്ടുള്ള ഇന്നത്തെ ദുരവസ്ഥയുടെ സഹകരണ സംഭവങ്ങളുടെ മാധുര്യമായി മാറുമെന്ന് നമുക്ക് പ്രതീക്ഷിക്കാം. (ഉലമായെ ഹഖ്വ് 2/733).

ഇത്തരുണത്തിൽ ഇന്ത്യൻ ഭരണഘടനയുടെ തുടക്കത്തിൽ കുറിച്ചിട്ടുള്ള വരികൾ ഇവിടെ അനുസ്മരിക്കുന്നത് നന്നായിരിക്കും: ''ഭാരതത്തെ സുശക്തവും സമത്വവും മതേതരവും ജനാധിപത്യവുമായ ഒരു രാഷ്ട്രമാക്കാൻ ഭാരതത്തിലെ പൗരന്മാരായ ഞങ്ങൾ ഓരോരുത്തരും നിഷ്കളങ്കമായി തീരുമാനമെടുക്കുന്നു. ഈ വരികൾ നീതി, സാമൂഹ്യ, സാമ്പത്തിക, രാഷ്ട്രീയ വീക്ഷണങ്ങൾ, വിശ്വാസ മത ആരാധനകളുടെ സ്വാതന്ത്ര്യം, സമത്വം എന്നിവയിൽ സാഹോദര്യം വർദ്ധിപ്പിക്കുന്നതും വ്യക്തികളുടെ മഹത്വവും സമൂഹത്തിന്റെ ഐക്യവും സുരക്ഷയും ഉയർത്തി പിടിക്കുന്നതുമാണ്.

## കരാർ പാലനം: ചരിത്രത്തിന്റെ ദർപ്പണത്തിൽ

കരാർ പാലനത്തെ കുറിച്ചുള്ള ഖുർആൻ-ഹദീസ് വചനങ്ങൾ മുമ്പ് ഉദ്ധരിച്ചു കഴിഞ്ഞു. മുസ്ലിംകൾ അമുസ്ലിംകളോടുള്ള കരാറുകൾ എത്രമാത്രം പാലിച്ചുവെന്ന് ഇനി ചരിത്രത്തിന്റെ വെളിച്ചത്തിൽ കൂടി നോക്കാം.

നബവി യുഗത്തിൽ നജ്റാനിലെ ക്രൈസ്തവർ, മദീനയിലെ യഹൂദികൾ, മക്കയിലെ മുശ്രിക്കുകൾ മുതലായ പലരുമായി മുസ്ലിംകൾ കരാർ നടത്തി. അതിലൊന്നുപോലും മുസ്ലിംകൾ പൊളിക്കുകയുണ്ടായിട്ടില്ല. എന്തെങ്കിലും പൊളിച്ചതായോ എതിര് പ്രവർത്തിച്ചതായോ ആർക്കും കാണിക്കാൻ കഴിയില്ല.

റസൂലുല്ലാഹി (സ) ശേഷം മുസ്ലിംകൾ ധാരാളം മുന്നേറ്റങ്ങൾ നടത്തി. പല വിഭാഗക്കാരുമായും കരാറുകൾ സ്ഥാപിച്ചു. അതിൽ മിക്കതിന്റെയും കരാർ വാക്യങ്ങൾ ഇപ്രകാരമാണ്. 1. മുസ്ലിമിന്റെയും അമുസ്ലിമിന്റെയും രക്തത്തിനുള്ള പ്രായശ്ചിത്തം ഒരുപോലെയാണ്. 2. ശിക്ഷകൾ ഒരുപോലെയാണ്. കുറ്റ കൃത്യങ്ങൾക്ക് മുസ്ലിംകൾക്ക് നൽകുന്ന ശിക്ഷ തന്നെയാണ് അമുസ്ലിംകൾക്കും നൽകുക. 3, ഭരണനിയമങ്ങളിൽ ഇരുവരും തുല്യരാണ്. 4. അമുസ്ലികളെ വല്ലനിലയിലും ഉപദ്രവിക്കലും അവരെ കുറിച്ച് പരദൂഷണം പറയലും കുറ്റകൃത്യമാണ്. 5. കരാ റുകൾ പാലിക്കണം. 6. അമുസ്ലിംകളുടെ ഇടപാടുകളിൽ അവരുടെ മത രീതികൾ ശ്രദ്ധിക്കേണ്ടതാണ്. ഇസ്ലാമിക നിയമങ്ങൾ അവരുടെ മേൽ നടപ്പിലാക്കരുത്. അവരുടെ മതത്തിൽ തടയപ്പെട്ട കാര്യങ്ങളിൽ നിന്ന് അവരെ തടയപ്പെടണം. അവരുടെ മതത്തിൽ അനുവദനീയവും ഇസ്ലാമിൽ അനുവദനീയവുമല്ലാത്ത കാര്യങ്ങളിൽ അവരുടെ പ്രദേശങ്ങളിൽ സ്വാതന്ത്ര്യത്തോടെ ചെയ്യാവുന്നതാണ്. എന്നാൽ നാശങ്ങളും കുഴപ്പങ്ങളും ഉണ്ടാകാതിരിക്കാൻ മുസ്ലിം പ്രദേശങ്ങ

ളിൽ അതിനുള്ള സ്വാതന്ത്ര്യത്തിൽ പരിധി നിശ്ചയിക്കാൻ ഭരണകൂടത്തിന് അധികാരമുണ്ടായിരിക്കും. (ബദാഇഅ് 7/113 ഇസ്‌ലാം കാ ഈ നിസാം, മൗലാനാ മുഹമ്മദ് തഖീ അമീനി)

ഉപര്യുക്ത വകുപ്പുകൾക്ക് പിൻബലം നൽകുന്ന മുസ്‌ലിം നായകരുടെ ഏതാനും വാചകങ്ങളും സംഭവങ്ങളും ശ്രദ്ധിക്കുക:

1. അബൂബക്ർ (റ) വിന്റെ ഖിലാഫത്ത് കാലഘട്ടത്തിൽ ഖാലി ദുബ്നുൽ വലീദ് (റ) കൂഫ കീഴടക്കിയപ്പോൾ അവിടുത്തെ നാട്ടുകാർക്ക് എഴുതിയ കരാർ ഇപ്രകാരമാണ്: യഹൂദികളുടെയും ക്രൈസ്തവരുടെയും ആരാധനാലയങ്ങൾ തകർക്കപ്പെടുന്നതല്ല. മണിമുഴക്കുന്നതിൽ നിന്നും പെരുന്നാൾ ദിവസം കുരിശുമായി നടക്കുന്നതിൽ നിന്നും തടയപ്പെടുന്നതല്ല.

2. ഉമർ (റ) വിന്റെ കാലത്ത് ഖാലിദ് (റ) ഡമാസ്കസ് കീഴടക്കിയപ്പോൾ അവിടുത്തുകാർക്ക് എഴുതിക്കൊടുത്ത കരാർ പത്രം ഇപ്രകാരമാണ്: ഇവരുടെ ജീവനും സമ്പത്തും ആരാധനാലയങ്ങളും എന്റെ ഭാഗത്ത് നിന്നും സുരക്ഷിതമായിരിക്കും.

3. ബൈത്തുൽ മുഖദ്ദസ് പ്രദേശ നിവാസികൾക്ക് ഉമർ ഫാറൂഖ് (റ) എഴുതിക്കൊടുത്ത കരാർ പത്രം ഇപ്രകാരമാണ്: എല്ലാവരുടെയും ജീവനും സ്വത്തും ആരാധനാലയങ്ങളും കുരിശ് പോലുള്ളവയും സുരക്ഷിതമായിരിക്കും. രോഗിക്കും ആരോഗ്യവാനും എല്ലാ മതസ്ഥർക്കും ഈ കരാർ ബാധകമാണ്. ആരുടെയും ആരാധനാലയങ്ങൾ പൊളിക്കപ്പെടുന്നതോ കയ്യടക്കപ്പെടുന്നതോ അല്ല. മത കാര്യങ്ങളിൽ കൈകടത്തലുകൾ ഉണ്ടാകുന്നതല്ല. യാതൊരുവിധ ഉപദ്രവവും ഉണ്ടാകുന്നതല്ല. എന്നാൽ സംരക്ഷണത്തിന്റെ നികുതി അടയ്ക്കാൻ ബാധ്യസ്ഥരാണ്. അപ്രകാരം വിദേശികളായ റോമക്കാരെ ഇവിടെ നിന്നും പുറത്താക്കുകയും വേണം. ഇനി ഏതെങ്കിലും റോമക്കാരൻ സമാധാനപൂർവ്വം ഇവിടെ താമസിക്കാൻ ഉദ്ദേശിക്കുന്നുവെങ്കിൽ ഉപരിസൂചിത നിബന്ധനകളോടെ താമസിക്കാവുന്നതാണ്. ഇവിടംവിട്ട് പോകുന്ന റോമക്കാരുടെ ജീവനും സ്വത്തും അക്രമിക്കപ്പെടുന്നതല്ല.

4. ബസ്വറയുടെ ഗവർണ്ണറായിരുന്ന ഉത്ബ (റ) വിന് ഉമർ (റ) ഒരു കത്തിൽ ഇപ്രകാരം എഴുതി: കരാർ പാലനത്തിലൂടെ മാത്രമാണ് അല്ലാഹു നമുക്ക് ഈ അനുഗ്രഹങ്ങളെല്ലാം നൽകി യത്. ആകയാൽ കരാർ പാലിക്കാൻ സർവ്വതാ ശ്രദ്ധിക്കേണ്ടതാണ്. കരാറുകാരായ അമുസ്‌ലിംകളോടുള്ള പെരുമാറ്റത്തിൽ അല്ലാഹുവിന്റെ വിധിവിലക്കുകൾ പാലിക്കുക. എന്നാൽ അല്ലാഹു നിങ്ങളെ സഹായിക്കുന്നതാണ്.

5. അബൂഹുറയ്റ (റ) ഒരു വ്യക്തിയെ ഉപദേശിച്ചുകൊണ്ട് അരുളി: കരാറുകാരുടെ മൃഗങ്ങൾക്ക് ആഹാരം കൊടുക്കുന്ന പാത്രത്തിൽ പോലും സൂക്ഷ്മത പുലർത്തണം.

6. സഅ്സഅ പറയുന്നു: ഇബ്നു അബ്ബാസ് (റ)വിനോട് ഞാൻ ചോദിച്ചു: ചിലപ്പോൾ ഞാൻ കരാറുകാരന്റെ ഭൂമിയിലൂടെ കടന്ന് പോകുമ്പോൾ

അവിടെയുള്ള നിസ്സാരമായ വസ്തുക്കൾ എടുത്ത് ഉപയോഗിക്കാൻ എനിക്ക് അനുവാദമുണ്ടെന്ന് ഞാൻ കരുതുന്നു. ഇത് ശരിയാണോ? ഇബ്നു അബ്ബാസ് (റ) പ്രസ്താവിച്ചു: വിവരംകെട്ട അറബികളുടെ അവകാശം ധ്വംസിച്ചാൽ നമുക്ക് യാതൊരു കുഴപ്പവുമില്ലെന്ന വേദക്കാരുടെ വാദത്തെ പരിശുദ്ധ ഖുർആൻ വിമർശിച്ചിട്ടുണ്ട്. (ആലുഇംറാൻ: 75) നിങ്ങളുടെ വിചാരവും ഈ വാദം പോലെയാണ്.

**7.** അബുദ്ദർദാഅ് (റ) അമുസ്ലിംകളുടെ നാട്ടിലൂടെ പോകുമ്പോൾ അവിടെവെച്ച് ജലപാനം നടത്തുകയോ വൃക്ഷച്ചുവട്ടിൽ ഇരിക്കുകയോ മൃഗത്തെ മേയ്ക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ യാത്രയാകുമ്പോൾ അവ ഓരോന്നിന്റെയും ചിലവ് നാട്ടുകാരെ ഏൽപ്പിക്കുമായിരുന്നു. അല്ലാഹു അക്ബർ, ജലം, തീയ്യ്, പുല്ല്, തണൽ പോലുള്ള നിസ്സാരവും എല്ലാവരും പങ്കാളികളായതുമായ കാര്യങ്ങളിൽ പോലും മഹാന്മാർ സൂക്ഷ്മത പാലിച്ചു. ന്നതല്ല. യാതൊരുവിധ ഉപദ്രവവും ഉണ്ടാകുന്നതല്ല. എന്നാൽ സംരക്ഷണ ത്തിന്റെ നികുതി അടയ്ക്കാൻ ബാധ്യസ്ഥരാണ്. അപ്രകാരം വിദേശികളായ റോമക്കാരെ ഇവിടെ നിന്നും പുറത്താക്കുകയും വേണം. ഇനി ഏതെങ്കിലും റോമ ക്കാരൻ സമാധാനപൂർവ്വം ഇവിടെ താമസിക്കാൻ ഉദ്ദേശിക്കു ന്നുവെങ്കിൽ ഉപരിസൂചിത നിബന്ധനകളോടെ താമസിക്കാവു ന്നതാണ്. ഇവിടംവിട്ട് പോകുന്ന റോമക്കാരുടെ ജീവനും സ്വത്തും അക്രമിക്കപ്പെടുന്നതല്ല.

**8.** ഹിജ്രി 171-ൽ ഹാറൂൻ റഷീദിന്റെ കാലത്ത് ഈജിപ്തിലെ ഗവർണ്ണർ മൂസ ഈസയായിരുന്നു. തദവസരം പൊളിഞ്ഞു വീണ കൃസ്ത്യൻ ദേവാലയങ്ങൾ ഭരണകൂടം പണിതുകൊടുക്കണോ എന്നതിനെ കുറിച്ച് അദ്ദേഹം പണ്ഡിതരോട് ഫത്വ ചോദിച്ചു. അക്കാലഘട്ടത്തിലെ പ്രഗത്ഭപണ്ഡിതരായ ലൈസുബ്നു സഅദ്, അബ്ദുല്ലാഹിബ്നു ലഹീഅ (റ) എന്നിവർ ഗവൺമെന്റ് പണിത് കൊടുക്കണമെന്ന് പരസ്യമായി ഫത്വ നൽകി. അതിന് അവർ പറഞ്ഞ തെളിവ് അത്യന്തം ചിന്തനീയമാണ്. അവർ പറഞ്ഞു: സഹാബത്തിന്റെയും താബിഉകളുടെയും കാലത്ത് ഇസ്ലാമിക ഭരണം നടന്നപ്പോൾ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളാണിവ. അപ്പോൾ ഇത് പൊളിഞ്ഞാൽ മുസ്ലിം ഭരണകൂടം ഇവ കെട്ടിക്കൊടുക്കേണ്ടതാണ്. (ഈ സംഭവങ്ങളുടെ ഉദ്ധരണികൾക്ക് മൗലാനാ മുഹമ്മദ് തഖിയ്യ് അമീനിയുടെ 'ഇസ്ലാം കാ സർഈ നിസാം' എന്ന ഗ്രന്ഥം നോക്കുക.) ചുരുക്കത്തിൽ ഇത്തരം നൂറുകണക്കിന് സംഭവങ്ങളുണ്ട്. അമുസ്ലിംകളുമായിട്ടുള്ള കരാർ പാലിക്കണമെന്നത് ഇസ്ലാമിക നിയമം മാത്രമല്ല, മുസ്ലിംകൾ ശ്രദ്ധാപൂർവ്വം മുറുകെ പിടിച്ച് ജീവിക്കേണ്ട തത്വമാണെന്ന് ഇവ അറിയിക്കുന്നു. പക്ഷപാതിത്വത്തിന്റെ കണ്ണടവെച്ച് ഇസ്ലാമിക നിയമങ്ങൾ പഠിക്കുകയും അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിക്കുകയും പരസ്പര തെറ്റിദ്ധാരണയും വിദ്വേഷവും വളർത്തുകയും ചെയ്യുന്ന ആളുകൾക്കെല്ലാം ഇതിൽ വലിയ ഗുണപാഠമുണ്ട്. അവർ ഇത് ശ്രദ്ധിച്ചിരുന്നെങ്കിൽ

# മുസ്ലിം ഭരണകാലത്തെ ഇന്ത്യയുടെ ചിത്രം

ഇന്ത്യൻ മുസ്‌ലിംകൾ എന്നും സഹോദര സമുദായങ്ങളോട് ഇതേ നിലപാട് തന്നെയാണ് സ്വീകരിച്ചിരുന്നത്. മുസ്‌ലിംകൾ ഇന്ത്യ ഭരിച്ചപ്പോൾ രാഷ്ട്രീയ, സാമ്പത്തിക, സാമൂഹിക വിഷയങ്ങളിലൊന്നും അല്പം പോലും ഉച്ചനീചത്വങ്ങൾ പുലർത്തിയിട്ടില്ല. ഇന്ത്യയുടെ സത്യസന്ധമായ ചരിത്രം ഇതിന് സാക്ഷിയാണ്. പാകിസ്ഥാൻ രൂപീകരണത്തെ എതിർത്ത ശൈഖുൽ ഇസ്‌ലാം മൗലാനാ സയ്യിദ് ഹുസൈൻ അഹ്മദ് മദനി (റഹ്) എഴുതി നമ്മുടെ ഇന്ത്യ രാഷ്ട്രീയ, രാജ്യവിഷയങ്ങളിൽ ഒരിക്കലും ഹിന്ദു-മുസ്ലിം വേർതിരിവ് അംഗീകരിച്ചിട്ടില്ല എന്നത് ഈ രാജ്യത്തിന്റെ ഒരു ഉത്തമ പാരമ്പര്യമാണ്. മുസ്‌ലിംകൾ ഇന്ത്യ ഭരിച്ചപ്പോഴും, ഹൈന്ദവർ നാടിനെ നയിച്ചപ്പോഴും ഒരിക്കലും ഈ വേർതിരിവ് കാണപ്പെട്ടിട്ടില്ല. അക്ബർ രാജാവിന്റെ കാര്യം പറയേണ്ടതില്ല. മറ്റ് ചില രാജാക്കന്മാരെ കുറിച്ച് പറയട്ടെ, ജഹാംഗീർ രാജാവ് വലിയ നീതിമാനും സമത്വവാദിയുമായിരുന്നു. അമ്പതിനായിരം തോക്കുകളും മൂവായിരം പീരങ്കികളുമുണ്ടായിരുന്ന അദ്ദേഹത്തിന്റെ ആയുധ കേന്ദ്രത്തിന്റെ മുഖ്യ ചുമതലക്കാരൻ വിക്രമാദിത്യൻ ആയിരുന്നു. ഏറ്റവും വലിയ വർഗ്ഗീയ വാദിയായി ചിത്രീകരിക്കപ്പെടുന്ന ഔറംഗസേബ് ആലംഗീരി (റഹ്) യോട് ഭരണത്തിന്റെ പ്രധാന വകുപ്പുകളൊന്നും അമുസ്‌ലിംകളെ ഏൽപ്പിക്കരുതെന്ന് ചിലർ പറഞ്ഞപ്പോൾ അതിനെ ശക്തമായി എതിർത്തു കൊണ്ട് അദ്ദേഹം പ്രസ്താവിച്ചു: ഭരണകാര്യങ്ങളിൽ സ്ഥാനങ്ങൾ നൽകുന്നത് വെറും മതം നോക്കിയിട്ടല്ല. യോഗ്യത വിലയിരുത്തിയിട്ടാണ്. ജയ്സിംഗ്, ജസ്വന്ത് സിംഗ്, ശിവജിയുടെ മരുമകൻ രാജേന്ദ്രൻ മുതലായ നിരവധി ഹൈന്ദവരും, രജപുത്രരും ഔറംഗസേബിന്റെ വിശ്വസ്ഥരായിരുന്നു. അവർ നൂറിലേറെയായിരുന്നെന്ന് മുൻഷി കേവലറാം പറയുന്നു. കടുത്ത മതവാദിയായിരുന്ന രൻജിത് സിംഗിന്റെ മന്ത്രിസഭയിൽ മുസ്‌ലിംകളുണ്ടായിരുന്നു. അസീസുദ്ദീൻ മന്ത്രിയും ഇലാഹീ ബഖ് ആയുധ കേന്ദ്രം സൂക്ഷിപ്പുകാരനുമായിരുന്നു. മറാഠികളുടെ ആയുധപ്പുരയുടെ മേൽനോട്ടം ഇബ്രാഹിം ഗോറിക്കായിരുന്നു. ഈ മുസ്‌ലിംകൾ കരാറിനെ പരിപൂർണ്ണമായി പാലിക്കുകയും ചെയ്തു. സയ്യിദ് അഹ്മദ് ഷഹീദ് (റഹ്)യുടെ ആയുധപ്പുരയുടെ മേൽനോട്ടം രാജാറാമിനായിരുന്നു. ലോർഡ് വില്യം, ണ.ഒ ടാർസൺ എന്നീ ഇംഗ്ലീഷുകാരും പണ്ഡിറ്റ് സുന്ദർ ലാലും അവരുടെ രചനകളിൽ ഇതിന് ധാരാളം ഉദാഹരണങ്ങൾ ഉദ്ധരിച്ചിട്ടുണ്ട്. ഇന്ത്യക്കാരുടെ പരസ്പര ബന്ധവും വിശ്വാസവും അവ വ്യക്തമാക്കുന്നു. ചുരുക്കത്തിൽ ഭിന്നിപ്പിച്ച് ഭരിക്കുക എന്ന തത്വത്തിന് എന്നും ഇന്ത്യക്കാർ എതിരാണ്. അതുകൊണ്ടാണ് മുഗൾ ഭരണസ്ഥാപകൻ ബാബർ മകൻ ഹുമയൂണിന് ഇപ്രകാരം വസ്വിയ്യത്ത് ചെയ്തത്: മകനെ, വ്യത്യസ്ത മതങ്ങൾ നിറഞ്ഞ രാജ്യമാണ് ഇന്ത്യ. അതു കൊണ്ട് മുഴുവൻ മതപക്ഷപാതിത്വങ്ങ

ളെ മനസ്സിൽ നിന്ന് തുടച്ച് കളയുക. നീതിയും ന്യായവും പാലിക്കുമ്പോൾ ഓരോ മതത്തിന്റെയും നിയമങ്ങൾ പരിഗണിക്കുക. (പാക്കിസ്ഥാൻ ക്യാ ഹെ)

ഇതാണ് ഇസ്‌ലാമിന്റെയും ഇന്ത്യൻ മുസ്‌ലിംകളുടെയും നിലപാട്. എന്നാൽ ഈ ഇസ്‌ലാമിനെ കുറിച്ചാണ് ഇസ്‌ലാം ഒരു വിട്ടുവീഴ്ചയില്ലാത്ത മതമാണെന്ന പ്രചാരണം നടക്കുന്നത്. സിയോണിസ്റ്റ് പശ്ചാത്യ വാർത്താ മാധ്യമങ്ങൾ പടച്ചുവിട്ട ഈ പ്രചാരണം, ആർ. എസ്സ്. എസ്സും അതിന്റെ തത്വം സ്വീകരിച്ച എഴുത്തുകാരും ഏറ്റെടുത്ത് ദൃശ്യ, ശ്രാവ്യ രചനാമാധ്യമങ്ങളിലൂടെ അന്ധമായി അനുകരിച്ചുകൊണ്ടിരിക്കുന്നു. ആകയാൽ ഇസ്‌ലാമും മുസ്‌ലിം കളും മറ്റ് മതങ്ങളെ അംഗീകരിക്കുന്നില്ല എന്ന പ്രചാരണം അടിമുടി കളവും ദുർവാശിയും വിവരക്കേടു മാണ്. ആഴവും പരപ്പുമുള്ള ഒരു ഗൂഢാലോചന മാത്രമാണ് ഈ ആരോപണത്തിന്റെ പിന്നിലുള്ളത്. ഇസ്‌ലാം മതസൗഹാർ ദ്ദത്തിന് പ്രേരിപ്പിക്കുന്നു. ഇതര മതസ്ഥരുമായി ഉത്തമമായ സാമൂഹ്യ ദേ ശീയ-വ്യാപാര-മാനുഷിക ബന്ധങ്ങൾ സ്ഥാപിക്കാൻ പ്രോത്സാഹിപ്പിക്കുന്നു.

# മദ്റസകളുടെ സന്ദേശം

ഇതേ അദ്ധ്യാപന സന്ദേശങ്ങളുടെ പ്രചാരണവും പ്രബോധനവും നട ത്തുന്ന കേന്ദ്രങ്ങളാണ് മദ്റസകൾ. രാജ്യത്താകമാനം പടർന്ന് പന്തലിച്ച് കിടക്കുന്ന മദ്റസകൾ ഈ രാജ്യത്ത് നിന്നും നിരക്ഷരത ദുരീകരിക്കുന്നതിലും ഇന്ത്യക്കാരെ വിശിഷ്യാ മുസ്‌ലിംകളെ സ്വരാജ്യവുമായി ബന്ധിപ്പിച്ച് നിർത്തു ന്നതിലും പ്രധാന പങ്കാണ് വഹിച്ചിട്ടുള്ളത്. ഇന്ത്യയുടെ സ്വാതന്ത്ര്യത്തിലും സാമൂഹ്യ പരിഷ്കരണങ്ങളിലും മദ്റസകൾ നിർവ്വഹിച്ച സേവനങ്ങൾ ആർക്കും അവഗണിക്കാവതല്ല.

ഈ രാജ്യത്തെ പൗരാണിക വിദ്യഭ്യാസ കേന്ദ്രങ്ങളും ദീനീ മദ്റസകളും സഹോദര സമുദായംഗങ്ങളുടെ പാഠശാലകളും ഇല്ലായിരുന്നുവെങ്കിൽ ശരീരംകൊണ്ട് ഇന്ത്യക്കാരും ഹൃദയവും തലയും കൊണ്ട് ഇംഗ്ലീഷുകാരും' എന്ന മെക്കാളയുടെ പദ്ധതി ഇവിടെ നൂറ് ശതമാനം വിജയിക്കുമായിരുന്നു. മദ്റസകളും അതിന്റെ മഹത്തുക്കളും ഈ നിന്ദ്യമായ ഗൂഢാലോചനയെയും പദ്ധതിയെയും വിജയകരമായി നേരിട്ടു. നാടിനെയും നാട്ടുകാരെയും കോലം മറിക്കുന്നതിൽ നിന്ന് സംരക്ഷിച്ചു. മദ്റസകളിൽ നിന്നും ശരിയായി പഠിച്ചി റങ്ങിയ പണ്ഡിതർ സാമുദായിക സൗഹാർദ്ദവും ഹിന്ദു-മുസ്ലിം ഐക്യവും ഊട്ടിവളർത്തിയതോടൊപ്പം സ്വാതന്ത്ര്യ സമരത്തിൽ അതുല്യമായ ത്യാഗങ്ങൾ അനുഷ്ഠിച്ചു. ചരിത്രപരമായി സ്ഥിരപ്പെട്ട യാഥാർത്ഥ്യങ്ങളാണിവ.

പക്ഷെ, അഅന്ധത ബാധിച്ച സിയോണിസ്റ്റ് ശക്തികളും മുസ്‌ലിം വിരുദ്ധ കേന്ദ്രങ്ങളും തുടക്കം മുതലെ മസ്ജിദ്-മദ്റസകളുടെ മാതൃകാപ രമായ പദ്ധതിയെ മുറിക്കാനും തകർക്കാനും പരിശ്രമിക്കുകയുണ്ടായി. ഇന്നും അവരുടെ ശ്രമം നടന്നുകൊണ്ടിരിക്കുകയാണ്. കൂട്ടത്തിൽ ഇന്ത്യയിലെ മുസ്‌ലിംകളിലും അമുസ്‌ലിംകളിലും പെട്ട ഒരുകൂട്ടം ആളുകളും വിവരവും

ചിന്തയുമില്ലാതെ ഈ ദുഃശ്ശക്തികളുടെ ആയുധമായി മാറിയിരിക്കുന്നു. തൽ ഫലമായി ഇസ്‌ലാം എന്നാൽ ഭീകരതയാണെന്നും മുസ്‌ലിംകൾ വിശിഷ്യാ, ഇസ്‌ലാമിക വേഷവിധാനങ്ങളുള്ളവർ ഭീകരവാ ദികളാണെന്നും, മസ്ജിദ് - മദ്റസകൾ ഭീകരവാദ കേന്ദ്രങ്ങളാ ണെന്നും സ്ഥാപിക്കാൻ ഇരുകൂട്ടരും പെടാപാട് പെട്ടുകൊണ്ടിരിക്കുകയാണ്. സ്കൂൾ കുട്ടികൾക്കുള്ള പരീക്ഷാ ചോദ്യങ്ങളിൽ പോലും ദാറുൽ ഉലൂം ദേവ്ബന്ദ് പോലുള്ള മഹത്തായ വിജ്ഞാന കേന്ദ്രങ്ങളെയും ഭീകരവാദത്തെയും ബന്ധിപ്പിച്ച് ചോദ്യങ്ങൾ ഉണ്ടാകുന്നത് അത്യന്തം വേദനാജനകം തന്നെ.

ഇത്തരമൊരു അവസ്ഥാന്തരീക്ഷത്തിൽ ഇന്ത്യയിലെ ഗംഗാ-യമുനാ സംസ്കാരവും പരസ്പരം വ്യക്തിത്വം നിലനിർത്തിക്കൊണ്ടുള്ള സഹകരണമുന്നേറ്റമെന്ന മഹത്തായ പൈതൃകവും എങ്ങനെ അവശേഷിക്കുമെന്ന് രാജ്യസ്നേഹികളായ എല്ലാവരും ചിന്തിക്കേണ്ടതുണ്ട്. ഇത് കേവലം മുസ്‌ലിംകളുടെ മാത്രം പ്രശ്നമല്ല. മുഴുവൻ ഇന്ത്യക്കാരുടെയും ഭാവിയെ ബാധിക്കുന്ന ഗുരുതര വിഷയമാണ്. പരിതാപകരമായ ഇന്നത്തെ അവസ്ഥകൾ മാറു ന്നതിന് മുസ്‌ലിംകളിലെ സംഘടനകൾ മാത്രം ഐക്യപ്പെട്ടാൽ പോരാ, പ്രത്യുത രാജ്യത്തെ സ്നേഹിക്കുകയും സമാധാനം കാംക്ഷിക്കുകയും നീതി ആഗ്രഹിക്കുകയും ചെയ്യുന്ന ഓരോ ഇന്ത്യക്കാരനും ഈ വിഷയത്തിൽ ഒരുമിച്ചിരുന്ന് ആലോചിച്ച് നീങ്ങേണ്ടതാണ്. അല്ലാത്തപക്ഷം ഈ രാജ്യം ഒരിക്കൽ കൂടി അടിമത്വത്തിലേക്ക് മുറിഞ്ഞ് വീഴുന്നതും അതിന്റെ ദുരന്തഫലങ്ങൾ ഓരോ ഇന്ത്യക്കാരനും അനുഭവിക്കേണ്ടി വരുന്നതുമാണെന്ന് മുന്നറിയിപ്പ് നൽകട്ടെ.

അവസാനമായി, മുസ്‌ലിം പൊതുജനങ്ങളെ ഒരിക്കൽ കൂടി ഉണർത്തട്ടെ: രാജ്യത്ത് ശാന്തിയും സമാധാനവും നിലനിർത്തുന്നതിന് സഹായിക്കൽ രാഷ്ട്രനിയമം ആയതിനോടൊപ്പം വിശ്വാസപരവും മതപരവുമായ ഒരു ബാദ്ധ്യത കൂടിയാണ്. സഹോദര സമുദായംഗങ്ങളുടെ അവകാശങ്ങൾ പരിഗണിക്കലും കരാറുകൾ പാലിക്കലും എന്നും മുസ്‌ലിംകളുടെ ചിഹ്നമായിരുന്നു. ഇനിയും നമ്മുടെ ചിഹ്നം അതുതന്നെയായിരിക്കണം. ഏതെങ്കിലും വ്യക്തിയോ സംഘടനയോ നടത്തുന്ന ആവേശ അതിക്രമങ്ങളെ സത്യവിശ്വാസത്തിന്റെ ഉൾക്കാഴ്ചയിലൂടെ തിരിച്ചറിഞ്ഞ് സമാധാന നീക്കങ്ങളിലൂടെ തീർത്തും പരാജയപ്പെടുത്തുക. ഒരിക്കലും നാം ആവേശ അതിക്രമങ്ങളിലേക്ക് ചായാതെ ധർമ്മവും രാജ്യവും സംരക്ഷിക്കുന്നതിന് അചഞ്ചലതയോടെ നിലയുറപ്പിക്കുക. ഇതിലാണ് യഥാർത്ഥ വിജയം! അന്തസ്സും അഭിമാനവും ഇതിൽ തന്നെ.

നാം മുസ്‌ലിംകൾ ഇസ്‌ലാമിക അദ്ധ്യാപനങ്ങളും സ്വഭാവ രീതികളും ശക്തിയുക്തം മുറുകെ പിടിക്കുന്നതിനനുസരിച്ച് അല്ലാഹുവിന്റെ സൃഷ്ടികളുടെ ദൃഷ്ടിയിൽ അന്തസ്സും അഭിമാനവും ഉള്ളവരാകും. ആകയാൽ വിശ്വാസ-കർമ്മ സ്വഭാവങ്ങളിലൂടെ നമ്മുടെ പ്രയോജനവും മഹത്വവും സ്ഥാപിക്കാൻ നമുക്ക് ശ്രമിക്കാം. അല്ലാഹു തുണയ്ക്കട്ടെ!.